"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

റവന്യൂ വകുപ്പ് - എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി സബ് കളക്ടറുടെ ഔദ്യോഗിക വസതി നിർമ്മാണം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ക്യാമ്പ് ഓഫീസ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

റവന്യൂ (എഫ്) വകുപ്പ്

സ.ഉ.(സാധാ) നം.541/2026/RD തീയതി,തിരുവനന്തപുരം, 06-03-2026

---

പരാമർശം:- 1. 06.08.2022 തീയതിയിലെ സ.ഉ.(സാധാ)നം.3369/2022/റവ നമ്പർ സർക്കാർ ഉത്തരവ്.

2. ലാൻഡ് റവന്യൂ കമ്മീഷണറുടെ 17.01.2026, 13.02.2026, തീയതികളിലെ LR/10710/2025-LR(M1) നമ്പർ കത്തുകൾ

**<u>ഉത്തരവ്</u>**

2022-23 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഫോർട്ട് കൊച്ചി സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണത്തിനായി 1,55,61,759/-രൂപയുടെ ഭരണാനുമതി നൽകി പരാമർശം 1 പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

2] തുടർന്ന്, പ്രസ്തുത പ്രവൃത്തി ടെണ്ടർ ചെയ്തെങ്കിലും, പ്രവൃത്തി ഏറ്റെടുത്ത സ്ഥാപനം കരാറിൽ ഏർപ്പെട്ട് പൂർത്തീകരണ കാലാവധി അവസാനിക്കാറായിട്ടും പ്രവൃത്തി ആരംഭിക്കാത്തതിനെ തുടർന്ന് പ്രസ്തുത സ്ഥാപനത്തെ Risk & Cost -ൽ ഒഴിവാക്കിയിട്ടുള്ളതാണെന്നും തുടർന്ന് 3 പ്രാവശ്യം ഇ-ടെണ്ടറും മൂന്നു പ്രാവശ്യം e-quotation-നും ക്ഷണിച്ചെങ്കിലും ആരും തന്നെ പങ്കെടുത്തിട്ടില്ല എന്നും ജില്ലാ നിർമ്മിതി കേന്ദ്രം അറിയിച്ചിട്ടുള്ളതാണെന്നും നിർമ്മാണ പ്രവൃത്തികൾ എറണാകുളം ജില്ലയിൽ ആരംഭിച്ചിട്ടില്ലാത്തതാണെന്നും തുടർന്ന് സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ്, വസതി, interior works, furniture, plumbing, electrical works, Landscaping works എന്നിവയെല്ലാം ഉൾപ്പെടുത്തി 3,20,00,000/- രൂപയുടെ (മൂന്ന് കോടി ഇരുപത് ലക്ഷം രൂപ) എസ്റ്റിമേറ്റ് തയ്യാറാക്കുകയും DSoR 2021 നിലവിൽ വന്നതിനാൽ പുതുക്കിയ നിരക്കുകൾ പ്രകാരം എസ്റ്റിമേറ്റ് പരിഷ്കരിച്ച് 3,70,00,000/-രൂപയുടെ (മൂന്നു കോടി എഴുപത് ലക്ഷം രൂപ) എസ്റ്റിമേറ്റ് ഭരണാനുമതിയ്ക്കായി ജില്ലാ കളക്ടർ സമർപ്പിച്ചിട്ടുള്ളതുമാണെന്നും ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം റിപ്പോർട്ട് ചെയ്യുകയുണ്ടായി. സബ് കളക്ടറുടെ ക്യാമ്പ് ഓഫീസിന് പുറമേ ഔദ്യോഗിക വസതി കൂടി നിർമ്മിക്കേണ്ടതുണ്ടെന്നും, അതിനാൽ സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണവും കൂടാതെ വസതിയും ഉൾക്കൊള്ളിച്ചുകൊണ്ട് 3,70,00,000/-രൂപയുടെ എസ്റ്റിമേറ്റിന് ഭരണാനുമതി നൽകണമെന്ന്, ഭരണാനുമതി ലഭിച്ച എസ്റ്റിമേറ്റും ഇപ്പോൾ ഭരണാനുമതിക്ക് അപേക്ഷിക്കുന്ന എസ്റ്റിമേറ്റും തമ്മിലുള്ള താരതമ്യ റിപ്പോർട്ട് സഹിതം ജില്ലാ കളക്ടർ അപേക്ഷിച്ചിട്ടുള്ളതായും മേൽ സാഹചര്യത്തിൽ 2025-26 സാമ്പത്തിക വർഷത്തെ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഫോർട്ട് കൊച്ചി സബ് കളക്ടറുടെ ക്യാമ്പ് ഓഫീസ് നിർമ്മാണത്തിന്

ഭരണാനുമതി നൽകുന്നതിനുള്ള തുടർ നടപടികൾ സ്വീകരിക്കുന്നതിലേക്കായി എസ്റ്റിമേറ്റ് സഹിതം ലാൻഡ് റവന്യൂ കമ്മീഷണർ പരാമർശത്തിലെ കത്ത് പ്രകാരം അഭ്യർത്ഥിക്കുകയുണ്ടായി.

3] സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 2026-27 സാമ്പത്തിക വർഷത്തെ കേരളത്തിലെ സ്മാർട്ട് റവന്യൂ ഓഫീസുകൾ എന്ന പദ്ധതി തുകയിൽ നിന്നും ഫണ്ട് കണ്ടെത്തേണ്ടതാണ് എന്നെന്ന വ്യവസ്ഥയ്ക്ക് വിധേയമായി, എറണാകുളം ജില്ലയിലെ ഫോർട്ട് കൊച്ചി സബ് കളക്ടറുടെ ഔദ്യോഗിക വസതി നിർമ്മാണം കൂടി ഉൾപ്പെടുത്തികൊണ്ടുള്ള ക്യാമ്പ് ഓഫീസ് നിർമ്മാണം എന്ന പ്രവൃത്തിയ്ക്ക് 3,70,00,000/-രൂപയുടെ (മൂന്നു കോടി എഴുപത് ലക്ഷം രൂപ മാത്രം) ഭരണാനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിയ്ക്കുന്നു.

4] പ്രസ്തുത പ്രവൃത്തിയ്ക്കാവശ്യമായ തുക 5475-00-800-77-01 (PV) ശീർഷകത്തിൽ നിന്നും വഹിയ്ക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

റ്റി ആർ ജയപാൽ

അഡിഷണൽ സെക്രട്ടറി

കമ്മീഷണർ, ലാൻഡ് റവന്യൂ, തിരുവനന്തപുരം

ജില്ലാ കളക്ടർ, എറണാകുളം

അക്കൗണ്ടന്റ് ജനറൽ (എ&ഇ/ഓഡിറ്റ്), കേരള, തിരുവനന്തപുരം

ധനകാര്യ വകുപ്പ് (27.02.2026-ലെ വ്യയം-ഡി1/24/2026/ധന പ്രകാരം)

വിവര പൊതുജന സമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)

(വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

Signed by

Sheeba V R

സെക്ഷൻ ഓഫീസർ

Date: 07-03-2026 08:01:29